"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ അണ്ടൂർക്കോണം വില്ലേജിൽ ആനത്താഴ്ച്ചിറ ജലസംഭരണിയും അതിനോട് ചേർന്ന 4 ഏക്കർ ഭൂമിയും ഉൾപ്പെട്ട ഭൂമി നൈറ്റ് ലൈഫ് ഉൾപ്പടെയുള്ള ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.96/2025/RD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 18/10/2024ലെ നം.DOT/3362/2024-P6 റിപ്പോർട്ട്.
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 12/02/2025-ലെ LR/8498/2024-LR(K2) നമ്പർ റിപ്പോർട്ട്.
3. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 03/03/2025ന് നടന്ന യോഗത്തിലെ തീരുമാനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ, ടി താലൂക്കിൽ, അണ്ടൂർക്കോണം വില്ലേജിലെ ആനതാഴ്ച്ചിറ ജലസംഭരണി ഉൾപ്പെടുന്ന പ്രദേശത്തു ടൂറിസം സാധ്യതകൾ പരിഗണിച്ച് ടൂറിസം വികസനത്തിനു ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ കൂടെ അനുമതികളോടെ നടപ്പാക്കാവുന്നതാണെന്നു പരാമർശം 1 പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തിരുവനന്തപുരം ജില്ലയിൽ, അണ്ടൂർക്കോണം വില്ലേജിലെ ആനത്താഴ്ച്ചിറ 12.76 ഏക്കർ ജലസംഭരണിയും ഇതിനോട് ചേർന്ന 4 ഏക്കർ ഭൂമിയും ഉൾപ്പടെ 16.76 ഏക്കർ ഭൂമി നൈറ്റ് ലൈഫ് ഉൾപ്പടെയുള്ള നൂതന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകുവാൻ ടൂറിസം വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

2 . നിർദ്ദിഷ്ട ഭൂമി തിരുവനന്തപുരം താലൂക്കിൽ അണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8 , റീസർവ്വേ 94-ൽ ഉൾപ്പെട്ടുവരുന്നതും, ബി.ടി.ആർ പ്രകാരം 'പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്നും ടി സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയ്ക്ക് ആകെ 12.95 ഹെക്ടർ (31.98 ഏക്കർ) വിസ്തീർണ്ണം ഉള്ളതായിക്കാണുന്നു എന്നും പ്രസ്തുത ഭൂമിയിൽ നിന്നും 7 ഏക്കർ കേന്ദ്ര യൂണിവേഴ്സിറ്റി നിർമാണത്തിന് ശുപാർശ ചെയ്തിട്ടുണ്ടെന്നും 8.23 ഏക്കർ റോഡ് ഉൾപ്പെടെ ഒഴിവാക്കിയിട്ടിട്ടുണ്ടെന്നും (അതിൽ 50 സെന്റ് ജലജീവൻ മിഷൻ പദ്ധതിക്ക് ശുപാർശ ചെയ്തിരിക്കുന്നു) ബാക്കിയുള്ള 12.76 ഏക്കർ ജലസംഭരണിയും ചേർന്ന് കിടക്കുന്ന 4 ഏക്കർ ഭൂമിയും ഉൾപ്പടെ ആകെ 16.76 ഏക്കർ ഭൂമി (6.7854 ഹെക്ടർ) നൈറ്റ് ലൈഫ് പ്രോജക്ട് നടപ്പിലാക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണ് എന്ന ജില്ലാ കളക്ടറുടെ ശിപാർശ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ സമർപ്പിച്ചിരുന്നു.

3 . നെടുമങ്ങാട് മണ്ഡലത്തിലെ അണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8 ൽ റീസർവ്വേ നമ്പർ 94 ൽ ഉൾപ്പെട്ട 12.76 ഏക്കർ ജലസംഭരണിയും ചേർന്നുകിടക്കുന്ന 4 ഏക്കർ ഭൂമിയും ഉൾപ്പടെ ആകെ 16.76 ഏക്കർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയും നിലവിലുള്ള കുളത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിയും ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിലേക്കായി അടിയന്തിര തുടർനടപടികൾ സ്വീകരിക്കുവാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടുകൾ കണക്കിലെടുത്ത്, പരാമർശം (3) ലെ യോഗതീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ അണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8 ൽ റീസർവ്വേ നമ്പർ 94 ൽ ഉൾപ്പെട്ട 12.76 ഏക്കർ ജലസംഭരണിയും ഇതിനോട് ചേർന്ന 4 ഏക്കർ പുറമ്പോക്ക് ഭൂമിയും, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയും നിലവിലുള്ള കുളത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിയും, 16.76 ഏക്കർ പുറമ്പോക്ക് ഭൂമി നൈറ്റ് ലൈഫ് ഉൾപ്പടെയുള്ള ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വിനോദ സഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവൂ; അതിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാതെ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;
iii. ഭൂമി പാട്ടത്തിന് /ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ പാടില്ല ;
iv. ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും വിനോദ സഞ്ചാര വകുപ്പ് സംരക്ഷിച്ചു നിർത്തേണ്ടതാണ്;
v. ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;
vi. പ്രസ്തുത ഭൂമിയിൽ ടി ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;
vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനഃനിക്ഷിപ്തമാകുന്നതാണ്.

5. ഈ വിഷയത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
വിനോദ സഞ്ചാര (എ) വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 11-04-2025 14:47:48

പകർപ്പ് :- ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്